# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5007 28.10.2016 ൽ മറുപടിയ്ക്ക്**

## സമഗ്ര ജൈവപച്ചക്കറി വ്യാപന പദ്ധതി

ചോദ്യം
**ശ്രീ. കെ.ബാബു**

മറുപടി
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

സമഗ്ര ജൈവപച്ചക്കറി വ്യാപന പദ്ധതി നടപ്പിലാക്കി വിഷമില്ലാത്ത പച്ചക്കറിയും പഴങ്ങളും മുഴുവൻ ആളുകൾക്കും ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ജൈവപച്ചക്കറി വ്യാപന പദ്ധതി നടപ്പിലാക്കി വിഷമില്ലാത്ത പച്ചക്കറിയും പഴങ്ങളും മുഴുവൻ ആളുകൾക്കും ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സമഗ്ര പച്ചക്കറി മിഷന്റെ ഭാഗമായി കേരളത്തിലെ 50000 ഹെക്ടർ പ്രദേശത്ത് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചതിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കൂടാതെ, സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ജി.എ.പി സാക്ഷ്യപത്രത്തോടെ ഉള്ള പഴം പച്ചക്കറികളുടെ ഉല്പാദനത്തിനായി പദ്ധതി നടപ്പിലാക്കുന്നു. നല്ല കൃഷിരീതികൾ (ജി എ പി) അവലംബിച്ച് കൃഷി ചെയ്യുന്ന 25 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകൾക്ക് 75,000/- രൂപ വീതം നല്കിവരുന്നു. ജൈവകീടനാശിനിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ജൈവവളങ്ങൾ കൃഷിയിടത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി ധനസഹായം നൽകുന്നു.

ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ പ്രസ്തുത മേഖലയിൽ നിലനിൽക്കുന്നതിന് ജൈവ ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് 45 ഇക്കോഷോപ്പുകൾ ആരംഭിച്ചു.

നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന്

18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു.

കേന്ദ്ര സർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൻകീഴിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും അവർക്ക് സാമ്പത്തിക സഹായവും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കർഷക പങ്കാളിത്ത സാക്ഷ്യപത്രം അഥവാ പിജിഎസ്. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി എല്ലാ കൃഷി ഭവനുകളും റീജിയണൽ കൗൺസിൽ ആയി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കർഷകരുടെ കൃഷിയിടങ്ങൾക്കാണ് പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നത്. പ്രസ്തുത കൃഷിയിടങ്ങളിലെ ഉല്പന്നങ്ങൾക്ക് പ്രത്യേക ലോഗോയും ബ്രാൻഡും നൽകിയാണ് സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ "സേഫ് ടു ഈറ്റ് "എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരളസർക്കാറിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിൽ പരിശോധനാഫലം പരസ്യപ്പെടുത്തുന്നതുവഴി ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ആയതിലേക്ക് 1.25 കോടി രൂപ കൃഷിവകുപ്പ് നൽകിയിട്ടുണ്ട്.

S. [signature]

**സെക്ഷൻ ഓഫീസർ**